പതിനാലാം കേരള നിയമസഭ

രണ്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 4751** | **27.10.2016-ൽ മറുപടിയ്ക്ക്**

## റോഡുകൾ അലക്ഷ്യമായി കുത്തിക്കുഴിക്കുന്ന നടപടി

| **ചോദ്യം** | | **മറുപടി** |
|---|---|---|
| **ശ്രീ.പാറക്കൽ അബ്ദുല്ല :** | | **ശ്രീ.ജി.സുധാകരൻ**<br>(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി) |
| (എ) നിലവിൽ ജല അതോറിറ്റി, ടെലിഫോൺ കമ്പനികൾ, കെ.എസ്.ഇ.ബി. അടക്കമുള്ള സ്ഥാപനങ്ങൾ പൈപ്പ് ലൈനുകളും മറ്റും സ്ഥാപിക്കാനായി റോഡുകൾ കുത്തിക്കുഴിക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ;<br><br>(ബി) പലപ്പോഴും അലക്ഷ്യമായി നടത്തുന്ന ഇത്തരം പ്രവൃത്തികൾ സാധാരണ ജനങ്ങൾക്ക് കടുത്ത പ്രയാസങ്ങളും വകുപ്പിനു വൻനഷ്ടവും വരുത്തി വെയ്ക്കുന്ന കാര്യം പരിശോധിച്ചിട്ടുണ്ടോ; | (എ) & (ബി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പൊതുമരാമത്ത് റോഡുകളിൽ ജലഅതോറിറ്റി, ടെലിഫോൺ കമ്പനികൾ, കെ.എസ്.ഇ.ബി. അടക്കമുള്ള സ്ഥാപനങ്ങൾ പൈപ്പ് ലൈനുകളും മറ്റും സ്ഥാപിക്കുന്നതിനായി റോഡുകൾ കുഴിക്കുമ്പോൾ അവ പൂർവ്വസ്ഥിതിയിലാക്കുന്നതിനായുള്ള തുക പൊതുമരാമത്ത് വകുപ്പിൽ അടച്ച് അനുമതി വാങ്ങിയതിനുശേഷം മാത്രമേ നടത്തുവാൻ പാടുള്ളൂ. എന്നാൽ പൊതുമരാമത്ത് വകുപ്പിൽ നിന്നും മുൻകൂട്ടി അനുവാദം വാങ്ങാതെ അലക്ഷ്യമായി നടത്തുന്ന പ്രവർത്തികൾ സാധാരണ ജനങ്ങൾക്ക് കടുത്ത പ്രയാസങ്ങളും വകുപ്പിന് വൻനഷ്ടവും വരുത്തി വയ്ക്കുന്നുണ്ട്. ഇത്തരത്തിലുള്ള ആക്ഷേപങ്ങൾ ശ്രദ്ധയിൽപ്പെടുമ്പോൾ തന്നെ വകുപ്പ് കർശന നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. |
| (സി) എങ്കിൽ ഇതു തടയുന്നതിന് സ്റ്റേറ്റ് ഹൈവേ പ്രൊട്ടക്ഷൻ ആക്ട് സംസ്ഥാനത്ത് കർശനമായി നടപ്പാക്കാൻ തീരുമാനിച്ചിട്ടുണ്ടോ; | (സി) & (ഡി) | സംസ്ഥാനത്തെ പൊതുമരാമത്ത് വകുപ്പ് റോഡുകൾ സംരക്ഷിക്കുന്നതിനും കാൽനടയാത്രക്കാർക്കും വാഹനങ്ങൾക്കും സുരക്ഷിതയാത്ര സാധ്യമാക്കുന്നതിനും വേണ്ടി |

(ഡി) എങ്കിൽ റോഡ് കുത്തിപ്പൊളിക്കുന്ന വർക്കെതിരെ ക്രിമിനൽ കേസ് രജിസ്റ്റർ ചെയ്യാനും അവരിൽ നിന്ന് നഷ്ടപരിഹാരം ഈടാക്കാനും സാധിക്കുമോ; വിശദാംശങ്ങൾ നൽകുമോ?

സംസ്ഥാനത്തെ നാഷണൽ ഹൈവേയും, സ്റ്റേറ്റ് ഹൈവേയും പ്രധാന ജില്ലാ റോഡുകളും 1999-ലെ സ്റ്റേറ്റ് ഹൈവേ പ്രൊട്ടക്ഷൻ ആക്ട് (സെക്ഷൻ 3) പ്രകാരമുള്ള ഹൈവേ ആയി പ്രഖ്യാപിച്ച് സംരക്ഷിച്ചുകൊണ്ടും, ടി കാര്യങ്ങളുടെ നിരീക്ഷണത്തിനായി NH-ന്റെ പരിധിയിൽ വരുന്ന റോഡുകളുടെ ഹൈവേ അതോറിറ്റിയായി എക്സിക്യൂട്ടീവ് എഞ്ചിനീയർ (NH)നേയും, സ്റ്റേറ്റ് ഹൈവേയുടെയും പ്രധാനപ്പെട്ട ജില്ലാ റോഡുകളുടെയും അതോറിറ്റിയായി എക്സിക്യൂട്ടീവ് എഞ്ചിനീയർ (R&B)യേയും 1999-ലെ സ്റ്റേറ്റ് ഹൈവേ പ്രൊട്ടക്ഷൻ ആക്ട് (സെക്ഷൻ 4) പ്രകാരം നിയമിച്ചും ഉത്തരവായിട്ടുണ്ട്. ആയതിനാൽ സ്റ്റേറ്റ് ഹൈവേ പ്രൊട്ടക്ഷൻ ആക്ട് സംസ്ഥാനത്ത് കർശനമായി നടപ്പാക്കാനും കൂടാതെ പൊതുമരാമത്ത് റോഡിലെ കയ്യേറ്റങ്ങൾ ഒഴിപ്പിക്കുന്നതിനുമുള്ള നിയമ നടപടികൾ സ്വീകരിക്കുന്നതിനുവേണ്ടി റോഡ് പരിശോധന എഞ്ചിനീയർമാർ കൃത്യമായി നടത്തുന്നതിനുള്ള നിർദ്ദേശവും നൽകിയിട്ടുണ്ട്. കാൽനടയാത്രയ്ക്കും ഗതാഗതത്തിനും തടസ്സം സൃഷ്ടിക്കുന്ന രീതിയിലുള്ള മാർഗ്ഗ തടസ്സം സംബന്ധിച്ച് ലഭിക്കുന്ന പരാതികൾ യഥാസമയം പരിശോധിച്ച് നടപടികൾ സ്വീകരിക്കുന്നതും അത്തരം നടപടി സ്വീകരിക്കാത്ത ഉദ്യോഗസ്ഥർക്ക് എതിരെ നടപടി സ്വീകരിക്കുന്നതുമാണ്.

സെക്ഷൻ ഓഫീസർ